**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ കഴിഞ്ഞ അക്കാദമിക വർഷം സ്ഥാപിച്ച സ്കൂൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | കഴിഞ്ഞ അക്കാദമിക് വർഷം 258 ഓളം സ്കൂളുകളിൽ കാലാവസ്ഥ നിലയങ്ങൾ അനുവദിച്ചിരുന്നു. ഭൂമിശാസ്ത്രം ഐച്ഛിക വിഷയമായിട്ടുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ നിലവിൽ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. പ്ലസ് വൺ, പ്ലസ് ടു പാഠഭാഗങ്ങളുടെ പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികൾ ദിവസേന കാലാവസ്ഥാ വിവരങ്ങൾ ശേഖരിക്കുകയും weather data ബുക്കിൽ രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ ശാസ്ത്രകൗതുകം വർദ്ധിപ്പിക്കുന്നതിനും ഭൗമാന്തരീക്ഷത്തിലെ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായ രീതിയിൽ, സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഭൂമിശാസ്ത്രം ഐച്ഛിക വിഷയമായിട്ടുള്ള ഹയർ സെക്കണ്ടറി സ്കൂളുകൾക്കാണ് നിലവിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അനുവദിക്കുന്നതിന് മുൻഗണന നൽകിയിട്ടുള്ളത്. 2024 - 2025 വർഷത്തെ പ്രോജക്ട് അപ്രൂവൽ ബോർഡിൽ (പി. എ. ബി.) നിന്ന് കൂടുതൽ സ്കൂളുകൾക്ക് അനുമതി കിട്ടുന്ന പക്ഷം പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി സംഘടിപ്പിച്ച കാലാവസ്ഥാ സമ്മേളനം എല്ലാ വർഷവും നടത്തുന്നതിന് ആലോചനയുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഈ വർഷം നടത്തിയ കാലാവസ്ഥാ സമ്മേളനത്തിന്റെ ഫലമായി കൈവരിച്ച ലക്ഷ്യങ്ങളും പ്രവർത്തന പുരോഗതിയും കുട്ടികൾക്കിടയിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുണ്ടായ അവബോധവും വിലയിരുത്തിയ ശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ